**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5378** **15-03-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | യു.ജി.സി.റെഗുലേഷൻ പ്രകാരം സർക്കാർ കോളേജുകളിൽ പ്രിൻസിപ്പൽ ആയി നിയമിക്കപ്പെടുന്നതിന് വേണ്ട യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | ചുവടെ ചേർക്കുന്ന യോഗ്യതയുള്ള അസോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ-മാരെയാണ് സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പാൾ നിയമനത്തിനായി പരിഗണിക്കുന്നത്.<br><br>i. Educational qualifications in the category of Assistant Professor.<br><br>ii. Should possess Ph.D Degree in concerned/allied/relevant discipline approved by the UGC.<br><br>iii. Should have minimum of 15 years of teaching/research experience in Government Colleges under the Collegiate Education Department.<br><br>iv. Should have a minimum of 10 research publications in UGC care listed journals (in peer-reviewed journals prior to 14.06.2019) and has to be evaluated and approved by the Selection Committee constituted as per the 2018 UGC Regulations.<br><br>v. Should have a minimum of 110 Research Score on evaluation by the Selection Committee constituted as per UGC 2018 Regulations. |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സർക്കാർ കോളേജുകളിൽ പ്രിൻസിപ്പൽ നിയമനം ലഭിച്ചതിനുശേഷം അയോഗ്യരാക്കപ്പെട്ട ആർക്കെങ്കിലും പിന്നീട് പ്രൊമോഷൻ നൽകി നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ എത്രപേർക്ക് ഏതൊക്കെ തസ്തികകളിലാണ് നിയമനം നൽകിയതെന്നും പ്രസ്തുത തസ്തികകളിലേക്ക് | (ബി) | പ്രിൻസിപ്പൽ നിയമനം ലഭിച്ചതിനുശേഷം അയോഗ്യരാക്കപ്പെട്ട ആർക്കും നാളിതുവരെ പിന്നീട് പ്രൊമോഷൻ നൽകി നിയമനം നൽകിയിട്ടില്ല. എന്നാൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA No. 668/2019 ൽ 16.12.2022 തീയതിൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം 23.12.2017 തീയതിയിലെ സ.ഉ(സാധാ) നം.2327/2017/ |

| | | | |
|---|---|---|---|
| | നിയമനം ലഭിക്കുന്നതിനുള്ള യോഗ്യതകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | | ഉ.വി.വ, 29.05.2018 തീയതിയിലെ സ.ഉ(സാധാ) നം. 1052/2018/ഉ.വി.വ എന്നീ സർക്കാർ ഉത്തരവുകളിലൂടെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ പ്രിൻസിപ്പാൾ തസ്തികയിൽ നിയമനം നൽകിയ 12 പേരുടെ നിയമനം സെലക്ഷൻ കമ്മിറ്റി മുഖാന്തിരം നടത്തിയത് അല്ലാത്തതാകയാൽ 2010 യുജിസി റഗുലേഷൻ പ്രകാരം ക്രമപ്രകാരം ഉള്ളതല്ലെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. OA No. 668/2019 ൽ 16.12.2022 തീയതിയിലെ ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം മേൽ പരാമർശിച്ച 12 അദ്ധ്യാപകർക്ക് തുടർ സ്ഥാനക്കയറ്റങ്ങൾ നാളിതുവരെ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ